**Malayala Manorama**
**24 August 2018**
**Kochi; Tide**

# വേലിയേറ്റം വിട്ടൊഴിയാതെ കണ്ണമാലി

കണ്ണമാലി • പശ്ചിമ കൊച്ചിയുടെ തീരപ്രദേശങ്ങളിലെ വീടുകളിൽ വേലിയേറ്റം കയറിയിറങ്ങിയിട്ടും ചെല്ലാനം ഗ്രാമപഞ്ചായത്തിലെ കണ്ണമാലി പഴയ കെഎസ്ഇബി ഓഫിസിനു സമീപം ഏഴാം വാർഡ് നിവാസികളിൽ നിന്നു വേലിയേറ്റം വിട്ടൊഴിയുന്നില്ല. പ്രദേശത്തെ പല വീടുകളിലും പരിസരത്തും 20 വർഷമായി വേലിയേറ്റത്തിൽ വെള്ളം കയറിയിറങ്ങുകയാണ്. സമീപത്തെ ആറു വീടുകളുടെ അവസ്ഥ ശോചനീയമാണ്. 15 കുടുംബങ്ങളിലായി 80 പേർ താമസിക്കുന്ന പ്രദേശത്തു വെള്ളത്തിൽ ചവിട്ടാതെ ഒരിടത്തേക്കും പോവാൻ കഴിയാത്ത സ്ഥിതിയാണ്.

ആഴ്ചയിൽ ഒരിക്കലെങ്കിലും അടുക്കളയിൽ വെള്ളം കയറും. ഓരോ വർഷവും വേലിയേറ്റത്തിന്റെ അളവ് വർധിക്കുകയാണ്. ബന്ധപ്പെട്ട അധികാരികളോടു വർഷങ്ങളായി ആവശ്യം ഉന്നയിച്ചെങ്കിലും ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നു പ്രദേശവാസിയാ



കണ്ണമാലി പഴയ കെഎസ്ഇബിക്കു കിഴക്കുവശം കളപ്പുരയ്ക്കൽ വിനോദിന്റെ വീട് വേലിയേറ്റത്തിൽ മുങ്ങിയ നിലയിൽ.

ഒരാഴ്ചയായി കണ്ടക്കടവ് സെന്റ് സേവിയേഴ്സ് സ്കൂൾ ക്യാംപിലായിരുന്ന പ്രദേശവാസികൾ തിരിച്ചെത്തിയപ്പോഴും പല വീടുകളിലും വെള്ളം ഇറങ്ങിയിരുന്നില്ല.

ഏഴു വർഷം മുൻപു പ്രദേശ

...രുന്നു. പാലം പണിതു പോയതല്ലാതെ വെള്ളക്കെട്ടിനു പരിഹാരമായി കാന നിർമിച്ചിരുന്നില്ല.

പ്രദേശത്തെ പല കുടുംബങ്ങളും സ്വന്തം പണം ചെലവഴിച്ചു താൽക്കാലിക ബണ്ട് നിർമി